# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2854 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

## വലിയമലയിലെ ഭൂമിയുടെ നഷ്ടപരിഹാര തുക

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം വലിയമല എൽ.പി. എസ്.സി.ക്ക് വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി കണക്കാക്കിയ ഏകദേശ വില ആരാണ് തിട്ടപ്പെടുത്തിയതെന്നും എന്നാണ് തിട്ടപ്പെടുത്തിയതെന്നും വ്യക്തമാക്കുമോ; | (എ) | എൽ.പി.എസ്.സി.ക്ക് വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി കണക്കാക്കിയ ഏകദേശ വില പ്രസ്തുത പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ എ യൂണിറ്റ് തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | ഇതിലേക്ക് ജില്ലാതലത്തിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള കമ്മിറ്റിയുടെ സേവനം ലഭ്യമാക്കിയോ; എങ്കിൽ എന്നെല്ലാം ഇതിലേക്കായി കമ്മിറ്റി കൂടിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഇല്ല. |
| (സി) | കമ്മിറ്റിയുടെ സേവനം ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്തുന്നത് 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടു കൂടിയാണ്. ആയതിനാൽ തന്നെ ഭൂവില നിശ്ചയിക്കുക, ഭൂവുടമകൾ സമ്മതപത്രം നൽകുന്ന പക്ഷം ഡി.എൽ.എഫ്.സി (ജില്ലാതല ന്യായമായ നഷ്ടപരിഹാരത്തിനും പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള കമ്മിറ്റി) കൂടുന്ന കാര്യം തീരുമാനിക്കുക എന്നീ നടപടികൾ സാധാരണഗതിയിൽ 19(1) പ്രഖ്യാപനത്തിനു ശേഷമാണ് കൈക്കൊള്ളാറുള്ളത്. |
| (ഡി) | ഏകദേശവില തിട്ടപ്പെടുത്തുന്നതിന് മുൻപ് ജില്ലാ കളക്ടറോ കമ്മിറ്റി അംഗങ്ങളോ വിജ്ഞാപനം ചെയ്ത ഭൂമി സന്ദർശിച്ചോ; എങ്കിൽ എന്നെല്ലാമാണ് സന്ദർശനം നടത്തിയത്; ഇല്ലെങ്കിൽ സന്ദർശിക്കാത്തതിന് കാരണം എന്താണെന്ന് അറിയിക്കാമോ? | (ഡി) | ഇല്ല. എൽ.എ.ആർ.ആർ ആക്ട് സെക്ഷൻ 3(g)യുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ 11.02.2017-ലെ K4/2456/17 നമ്പർ നടപടിക്രമം പ്രകാരം ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ.എ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ